# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*256** 07.02.2018 -ലെ മറുപടിയ്ക്ക്

**സർവ്വകലാശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

*ചോദ്യം*

ശ്രീ. രാജു എബ്രഹാം
,, എ. എൻ. ഷംസീർ
,, ഐ.ബി. സതീഷ്
,, ആർ. രാജേഷ്

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളെ അക്കാദമിക ഗവേഷണ രംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശവും പുരോഗതിയും അറിയിക്കാമോ; | (എ) | സർവ്വകലാശാലകളിലെ അക്കാദമിക ഗവേഷണ രംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്<br><br>**1.** സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ച് കൃത്യമായി ക്ലാസ്സുകളും പരീക്ഷകളും നടന്നു വരുന്നു.<br><br>**2.** പ്രസിദ്ധീകരണ വിഭാഗവും, റഫറൻസിനും വായനയ്ക്കുമായി ആധുനിക സൗകര്യങ്ങളുള്ള ലൈബ്രറിയും പ്രവർത്തിക്കുന്നു.<br><br>**3.** നൂതന സാങ്കേതിക വിദ്യയുപയോഗിച്ച് പുതിയ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ അഖിലേന്ത്യ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മികവുറ്റ അഭിഭാഷകരെ സൃഷ്ടിക്കുന്നതിന് കഴിയുന്നു.<br><br>**4.** അന്താരാഷ്ട്ര നിലവാരത്തിലുള്ള കോൺഫറൻസ്, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ മുതലായവ സംഘടിപ്പിച്ച് വരുന്നു.<br><br>**5.** കേരളത്തിലെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ആദ്യപടിയായി |

| | | | |
|---|---|---|---|
| | | | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലക്ക് കിഫ്ബി മുഖേന **240** കോടി രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകൾ സമർപ്പിച്ച വിശദമായ പദ്ധതി രേഖ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | സർവ്വകലാശാലകളിൽ പ്രത്യേകിച്ച് കേരള സർവ്വകലാശാലയിൽ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും യഥാസമയം നടത്താത്തതിനാൽ പഠിതാക്കൾ നേരിടുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് പരിഹാരത്തിനാവശ്യമായ ഇടപെടൽ നടത്താൻ സാധിക്കുമോ; | (ബി) | കേരള സർവ്വകലാശാലയിൽ മൂല്യനിർണയം ജോലിയുടെ ഭാഗമാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഇക്കാര്യത്തിലുള്ള കാല താമസവും അദ്ധ്യാപകരുടെ കുറവും ഫലപ്രഖ്യാപനം വൈകുവാൻ കാരണമാകുന്നു. ഇതു പരിഹരിക്കുവാൻ കേരള സർവ്വകലാശാല നടപടി സ്വീകരിച്ചു വരുന്നു.<br>മറ്റു സർവ്വകലാശാലകൾ പരീക്ഷാ കലണ്ടറിന്റെ അടിസ്ഥാനത്തിൽ കൃത്യമായി പരീക്ഷ നടത്തി സർട്ടിഫിക്കറ്റുകൾ നൽകി വരുന്നു. |
| (സി) | വിദ്യാർത്ഥി താത്പര്യം മുൻനിർത്തി സർവ്വകലാശാലകളുടെ ഭരണ നിർവ്വഹണവും അക്കാദമിക പ്രവർത്തനവും ഏകോപിപ്പിക്കാനുള്ള പദ്ധതി സത്വരമായി യാഥാർത്ഥ്യമാക്കുമോ; വിശദാംശം നല്കുമോ? | (സി) | കേരള , മഹാത്മാഗാന്ധി, കോഴിക്കോട്, കുസാറ്റ്, കണ്ണൂർ, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ച് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.<br>**21.11.2017** ലെ ജി.ഒ.(സാധാ) **2107/2017/**ഉവിവ പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുടെ നേതൃത്വത്തിൽ സർവ്വകലാശാലകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തി പദ്ധതി നടപ്പാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്.<br>കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. **2018** ജൂലായിലെ അഡ്മിഷൻ എല്ലാ സർവ്വകലാശാലകളിലും ഒരുമിച്ച് നടത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ